## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.135 | | 31.01.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഗ്രീൻ പ്രോട്ടോക്കോൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.വി.ആർ.സുനിൽകുമാർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ഗ്രീൻ പ്രോട്ടോക്കോൾ അഥവാ ഹരിത നിയമാവലി എന്താണെന്ന് വിശദമാക്കുമോ; | (എ) | അജൈവമാലിന്യ ഉത്പാദനത്തിന്റെ തോത് കുറയ്ക്കുക എന്ന ലക്ഷ്യത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ഗ്രീൻ പ്രോട്ടോക്കോൾ" (ഹരിതനിയമാവലി). അജൈവമാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗവും പൂർണ്ണമായും ഒഴിവാക്കി, പുനരുപയോഗവും പുന:ചംക്രമണവും ഉറപ്പാക്കുന്നതിനുള്ള നടപടികൾക്ക് പ്രചാരം കൊടുക്കുകയും, ആയത് നടപ്പിൽ വരുത്തുകയും ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിന്റെ കാതൽ. 5/10/17-ാം തീയതിയിലെ 3214/2017/തസ്വഭവ ഉത്തരവ് പ്രകാരം പ്രധാന സർക്കാർ ഓഫീസുകളിലും, പ്രധാനപ്പെട്ട സർക്കാർ ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണമെന്ന് നിർദ്ദേശം നൽകിട്ടുണ്ട്. |
| (ബി) | ഏതെല്ലാം പ്രവർത്തനങ്ങളിലൂടെയാണ് ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ചുവടെ പറയുന്ന പ്രവർത്തനങ്ങളിലൂടെ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാൻ കഴിയും<br>• നിത്യജീവിതത്തിന്റെ ഭാഗമായ സ്വകാര്യ പൊതുചടങ്ങിലെല്ലാം ഡിസ്പോസിബിൾ വസ്തുക്കളുടെയും പുന:ചംക്രമണ സാധ്യമല്ലാത്ത വസ്തുക്കളുടെയും ഉപയോഗം ഒഴിവാക്കുന്നതിലൂടെ<br>• എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളും നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളും ഒഴിവാക്കുന്നതിലൂടെ<br>• അലങ്കാര പ്രവൃത്തികൾ ചെയ്യുന്നതിന് പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിലൂടെ<br>• ആഹാര പാനീയ വിതരണത്തിന് കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പാത്രങ്ങൾ |

| | | | |
|---|---|---|---|
| | | | സജ്ജീകരിക്കുന്നതിലൂടെ<br>• പ്രചരണ പരിപാടികൾക്ക് ഫ്ളക്സുകൾ ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിലൂടെ |
| (സി) | തൊഴിലിടങ്ങളിൽ പാലിക്കാവുന്ന ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) | • തൊഴിൽ സ്ഥലങ്ങളിൽ ജീവനക്കാർ ആഹാരവും ജലവും കൊണ്ട വരുന്നതിന് കഴുകി ഉപയോഗിക്കാൻ കഴിയുന്ന പ്രകൃതി സൗഹൃദ പാത്രങ്ങൾ ശീലമാക്കുക.<br>• ഡിസ്പോസിബിൾ പാത്രങ്ങൾ പൂർണ്ണമായും ഒഴിവാക്കുക.<br>• പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾക്കു പകരമായി തുണിസഞ്ചികൾ പേപ്പർകവറുകൾ എന്നിവ ഉപയോഗിക്കൽ<br>• നിരോധിത പ്ലാസ്റ്റിക്ക് വസ്തുക്കളിലുള്ള ആഹാര പാഴ്സലുകൾ ഒഴിവാക്കുക.<br>• യോഗങ്ങൾക്കും, പരിശീലന പരിപാടികൾക്കും, ആഹാരം, ലഘുഭക്ഷണങ്ങൾ, ചായ, കുടിവെള്ളം തുടങ്ങിയവ വിതരണം ചെയ്യുന്നതിന് കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പാത്രങ്ങൾ ഉപയോഗിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ